Calling Attention

Uncorrected/Not for publication
29-09-2025

**ശ്രദ്ധ ക്ഷണിക്കൽ**

കപ്പലപകടങ്ങളെത്തുടർന്ന് മത്സ്യതൊഴിലാളി മേഖലയ്ക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ആവശ്യകത

ശ്രീ. ആന്റണി രാജു: സർ, കേരളത്തെ പൊതുവായും തീരദേശത്തെ പ്രത്യേകിച്ചും മുൾമുനയിൽ നിർത്തിയ രണ്ട് കപ്പലപകടങ്ങളാണ് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ കേരളത്തിന്റെ തീരക്കടലിലുണ്ടായത്. എന്തുകൊണ്ടാണ് കേരള സമുദ്രാതിർത്തിയിൽ ഇത്തരം കപ്പലപകടങ്ങൾ ആവർത്തിക്കുന്നതെന്ന വലിയ ചോദ്യമാണ് ഇത്തരം സംഭവങ്ങൾ ഉയർത്തിക്കൊണ്ടിരിക്കുന്നത്. മേയ് മാസം മുങ്ങിയ എംഎസ്‌സി എൽസ 3-ൽ 643-ഉം ജൂൺ മാസം കത്തിയമർന്ന MV വാൻഹായ് 503 കപ്പലിൽ 1754 കണ്ടെയ്നറുകളുമുണ്ടായിരുന്നു. അപകടത്തിൽപ്പെട്ട രണ്ട് കപ്പലുകളിലെയും കണ്ടെയ്നറുകളിലുണ്ടായിരുന്ന ഹാനികരമായ രാസവസ്തുക്കളും പ്ലാസ്റ്റിക് നർഡിൽസ് (plastic nurdles) ഉൾപ്പെടെയുള്ളവയും പരിസ്ഥിതിക്ക് ഏറെ ദോഷകരവും മത്സ്യമേഖലയ്ക്ക് ഗുരുതരമായ ഭീഷണി ഉയർത്തുന്നതുമാണ്. ഇത്തരം അപകടങ്ങൾ സമുദ്ര

പരിസ്ഥിതിക്കും മത്സ്യസമ്പത്തിനുമുണ്ടാകുന്ന നാശം വളരെ വലുതായിരിക്കുമെന്ന ആശങ്കയാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കുള്ളത്. ഈ കപ്പലപകടങ്ങളുടെ നിഗൂഢത കണ്ടെത്താനായില്ലെന്നതും കേന്ദ്ര ഷിപ്പിങ് മന്ത്രാലയവും ദുരന്ത നിവാരണ അതോറിറ്റിയും കൃത്യമായി ഉത്തരം നൽകിയിട്ടില്ലെന്നതും ഏറെ ആശങ്ക ഉയർത്തുന്നതാണ്. ഇത്തരം കപ്പലപകടങ്ങൾ വല ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യബന്ധനയാനങ്ങൾക്കും വൻതോതിൽ നാശനഷ്ടമുണ്ടാവുകയും കടലിന്റെ ആവാസ വ്യവസ്ഥയെ തകർക്കുകയുമാണ്. തീരദേശ ജനങ്ങൾക്കിടയിൽ ഭീതി പടർത്തുന്ന ആരോഗ്യ പ്രശ്നങ്ങളാണ് ഏറെ ആശങ്ക ഉയർത്തുന്നത്. ഇപ്പോഴും കണ്ടെയ്നറുകളിൽ കുടുങ്ങി മത്സ്യബന്ധന വലകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. കണ്ടെയ്നറുകളും അവശിഷ്ടങ്ങളും അടിയന്തരമായി നീക്കം ചെയ്യണമെന്ന ഷിപ്പിങ് ഡയറക്ടർ ജനറലിന്റെ അന്ത്യശാസനം ജലരേഖയായി മാറിയിരിക്കുകയാണ്. കപ്പൽ കമ്പനികളിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ വിവിധ അന്താരാഷ്ട്ര

കൺവെൻഷനുകൾ ഉറപ്പുനൽകിയിട്ടുണ്ട്. സാർവദേശീയ നിയമങ്ങളും നയങ്ങളും നടപടികളും നൽകുന്ന ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുമുണ്ട്. നഷ്ടപരിഹാരം ലഭിക്കണമെങ്കിൽ കൃത്യതയോടെ കേസ് നടത്താൻ വിദഗ്ധരായ നിയമജ്ഞരുടെ സേവനം ഉറപ്പാക്കേണ്ടതുണ്ട്. Voyage Data Recorder-ഉം Voyage Chart-മൊക്കെ കൃത്യമായി സമർപ്പിക്കേണ്ടതും കേസിൽ വളരെ നിർണ്ണായകമാണ്. 1992-ലെ സിവിൽ ലയബിലിറ്റി കൺവെൻഷനനുസരിച്ച് കപ്പലിൽ നിന്നുണ്ടാകുന്ന മലിനീകരണത്തിനും നാശനഷ്ടത്തിനും കർശന പിഴ ഈടാക്കാൻ സർക്കാരുകൾക്ക് അവകാശമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയും വിദഗ്ധരുടെ അടിയന്തര യോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ഇതൊരു സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇതിനുപുറമെ, 9531 കോടി രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അഡ്മിറാലിറ്റി സ്യൂട്ട് ഫയൽ ചെയ്യുകയും

ദുരന്തത്തെക്കുറിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയമിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം മത്സ്യമേഖലയിലെ തൊഴിലാളികൾ ഏറെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. കേരളത്തിലെ മത്സ്യ ബന്ധന യാനങ്ങൾക്ക് 50 നോട്ടിക്കൽ മൈൽ മത്സ്യബന്ധനത്തിന് അനുവദനീയ മേഖലയാണ്. ഇത് കണക്കിലെടുത്ത് കേരള സമുദ്രാതിർത്തിയിൽ കപ്പൽ ചാലിന്റെ അകലം 50 നോട്ടിക്കൽ മൈലായി ഉയർത്തണമെന്ന് 2020-ൽ കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. പക്ഷെ, ഈ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നെങ്കിൽ കപ്പൽ അപകട ഭീഷണിയിൽനിന്നും കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മോചനമുണ്ടാകുമായിരുന്നു.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. ആന്റണി രാജു: സർ, കപ്പൽ കമ്പനികൾ അഡ്മിറാലിറ്റി സ്യൂട്ടിലൂടെ പരമാവധി നഷ്ടപരിഹാരം നേടിയെടുക്കാതിരിക്കാൻ സർക്കാർ ജാഗ്രത പുലർത്തേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന മാർഗ്ഗനഷ്ടവും യാനങ്ങൾക്ക് വൻതോതിലുള്ള നഷ്ടവും ഉണ്ടായിട്ടുണ്ട്.

കപ്പലപകടത്തെത്തുടർന്ന് തീരദേശവാസികൾ കടുത്ത ആരോഗ്യ ഭീഷണി നേരിടുകയാണ്. ഇതെല്ലാം പരിഗണിച്ച് പരമാവധി നഷ്ടപരിഹാരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ ശക്തമായ നിയമനടപടികളുമായി സർക്കാർ മുന്നോട്ട് പോകേണ്ടതുണ്ട്. കപ്പൽ ചാലിന്റെ അകലം 50 നോട്ടിക്കൽ മൈലായി ഉയർത്താൻ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിനായി സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി: (ശ്രീ. സജി ചെറിയാൻ): സർ, കേരള തീരത്ത് 24-05-2025-നാണ് എംഎസ്സി എൽസ 3 എന്ന ചരക്ക് കപ്പൽ അപകടത്തിൽപ്പെട്ട് മുങ്ങിയത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും ലഭ്യമായിട്ടുള്ള കാർഗോ മാനിഫെസ്റ്റ് പ്രകാരം മുങ്ങിയ എംഎസ്സി എൽസ 3 കപ്പലിൽ ആകെ 643 കണ്ടെയ്നറുകളാണ് ഉണ്ടായിരുന്നത്. ഇത് International Maritime Dangerous Goods Code പ്രകാരം ക്ലാസ് 4 (3), ക്ലാസ് 9 എന്നിവയിലുൾപ്പെടുന്ന അപകടകരമായ വസ്തുക്കളുള്ള 13 കണ്ടെയ്നറുകൾ ഉണ്ടായിരുന്നു. അതിൽ 12 കണ്ടെയ്നറുകളിൽ കാൽസ്യം കാർബൈഡിന്റെ

ചരക്ക് അടങ്ങിയിരുന്നു. കൂടാതെ 68 കണ്ടെയ്നറുകളിലായി ഏകദേശം 1400 ടൺ പ്ലാസ്റ്റിക് ഉൽപന്നങ്ങളുണ്ടായിരുന്നു. സംഭവസമയത്ത് കപ്പലിൽ ഏകദേശം 450 മെട്രിക് ടൺ ഇന്ധനമുണ്ടായിരുന്നു. അതിൽ 367 ടൺ വെരി ലോ സൾഫർ ഫ്യൂവൽ ഓയിലായിരുന്നു (VLSFO). കപ്പലപകടത്തെ തുടർന്നുള്ള സ്ഥിതിഗതികൾ നേരിടാൻ കേരള സർക്കാർ വിപുലമായ സംവിധാനം രൂപീകരിച്ചിരുന്നു. രക്ഷാപ്രവർത്തനത്തിനും മലിനീകരണം നിയന്ത്രിച്ച് ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കുമുള്ള കോട്ടം പരമാവധി കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ ആദ്യഘട്ടമായി സ്വീകരിച്ചത്. 27-05-2025-ൽ നടന്ന മന്ത്രിതല യോഗത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി മത്സ്യ ഉപഭോഗം സംബന്ധിച്ചും പൊതുജനങ്ങളിലുള്ള ഭീതി ഒഴിവാക്കുതിനും സാംപ്ലിങ്, ടെസ്റ്റിങ്ങ് എന്നിവ സ്റ്റാൻഡേർഡ് പ്രോട്ടോകോൾ പ്രകാരം നടത്തി പ്രാഥമിക റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ Central Institute of Fisheries Technology (ICAR), Central Marine Fisheries Research

Institute (CMFRI), കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല എന്നീ സ്ഥാപനങ്ങൾ സമുദ്ര ജല സാമ്പിളുകളും മത്സ്യ സാമ്പിളും മറ്റും പരിശോധിച്ച് പ്രാഥമിക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. മത്സ്യസാമ്പിളുകളെല്ലാം ഭക്ഷ്യ യോഗ്യമാണെന്നും മത്സ്യ സാമ്പിളുകളിലൊന്നും അരോചകമായ ഗന്ധമോ, രുചിയോ ഇല്ലെന്നും ജല സാമ്പിളുകളുടെ പി.എച്ച്. ലവണാംശം ചാലകത എന്നിവ സാധാരണ സമുദ്രജലത്തിന്റെ അവസ്ഥയിലാണെന്നും എണ്ണയുമായി ബന്ധപ്പെട്ട് ജൈവ സമുദ്രത്തിലുള്ള സാന്നിധ്യം പ്രാഥമിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും CIFT -യുടെ പരിശോധനാ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. CMFRI സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലും സമാന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ടെയ്നറുകളിൽ നിന്നുള്ള രാസ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച സമയത്ത് മത്സ്യത്തിന്റെ ഗുണനിലവാരത്തെ നേരിട്ട് ബാധിച്ചിട്ടില്ലെങ്കിലും കടലിന്റെ പരിസ്ഥിതി ആവാസ വ്യവസ്ഥ ജൈവവൈവിധ്യം എന്നിവയ്ക്ക് ദീർഘകാലത്തേക്ക് വലിയ ആഘാതമുണ്ടാക്കാൻ സാധ്യതയുണ്ട്. കപ്പൽച്ഛേദത്തിൽ നിന്ന് വലിയ അളവിൽ പ്ലാസ്റ്റിക് നർഡിലുകൾ (plastic nurdles), ശിഥിലമായ

പഞ്ഞിക്കെട്ടുകൾ മറ്റ് അവശിഷ്ടങ്ങൾ എന്നിവയുടെ സാന്നിധ്യം ഒരു പ്രധാന ആശങ്കയായി മാറിയിട്ടുണ്ടായിരുന്നെന്നും കണ്ടെയ്നറുകളിൽ നിന്നുള്ള ചരക്കുകളുടെയോ എണ്ണ അവശിഷ്ടങ്ങളുടെയോ സാന്നിധ്യം കാലക്രമേണ ആവാസ വ്യവസ്ഥകൾക്കും പരിസ്ഥിതിക്കും ഏതെങ്കിലും തരത്തിൽ പ്രത്യാഘാതമുണ്ടാകുമോയെന്ന് വിലയിരുത്തുന്നതിന് തുടർച്ചയായ നിരീക്ഷണം ആവശ്യമാണെന്നും ഇന്ധനത്തിൽനിന്നും മറ്റ് മാലിന്യത്തിൽ നിന്നുമുള്ള എണ്ണ അവശിഷ്ടങ്ങൾ കണ്ടെത്തുന്നതിനുള്ള അവശിഷ്ട ഗുണനിലവാര വിലയിരുത്തലുൾപ്പെടെയുള്ള സംഭവാനന്തര പതിവ് നിരീക്ഷണം നടത്തണമെന്നും CMFRI-യുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. കപ്പലപകടത്തെത്തുടർന്ന് എറണാകുളം, ആലപ്പുഴ, കൊല്ലം തീരങ്ങളിൽ നിന്നുള്ള ജല, മത്സ്യ സാമ്പിളുകളുടെ പ്രാഥമിക പഠനങ്ങളുടെ റിപ്പോർട്ട് കുഫോസ് സമർപ്പിച്ചിട്ടുണ്ട്. മത്സ്യ സാമ്പിളുകൾ ഉപഭോഗത്തിന് സുരക്ഷിതമാണെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. കൊല്ലത്തിന് സമീപമുള്ള തീരത്തുനിന്നും (10 മീറ്റർ, 30 മീറ്റർ, 50 മീറ്റർ ആഴത്തിൽ) ശേഖരിച്ച മത്സ്യമുട്ട സാമ്പിളുകളെ (അയല, നെയ് മത്തി, നൊത്തോലി)

സംബന്ധിച്ച് കുഫോസ് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മുങ്ങിയ കപ്പലിൽ നിന്നുള്ള കണ്ടെയ്നറുകളും പ്ലാസ്റ്റിക് പെല്ലറ്റുകളും നാഗർകോവിൽ വരെയുള്ള തീരപ്രദേശങ്ങളിൽ എത്തിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. കൊല്ലത്തിന് സമീപം പത്ത് മീറ്റർ ആഴത്തിലുള്ള ഭാഗത്തുനിന്ന് ശേഖരിച്ച അയല മത്സ്യത്തിന്റെ മുട്ടകളുടെ 70 ശതമാനം ചുരുങ്ങൽ, മേയ് 25-നും 30-നും ഇടയിൽ ചില കണ്ടെയ്നറുകളിൽ അടങ്ങിയിരുന്ന കുമ്മായം സമീപ തീരദേശ ജലത്തിന്റെ പി.എച്ച്. ലെവലിൽ മാറ്റംവരുത്താനുള്ള സാധ്യത സൂചിപ്പിക്കുന്നുവെന്നും ഇത് മേയ് 25-നും 30-നും ഇടയിൽ കൊല്ലത്തിന് സമീപം പത്ത് മീറ്റർ ആഴത്തിലുള്ള ഭാഗത്തുനിന്ന് ശേഖരിച്ച അയല മുട്ടകളുടെ ഓസ്മോട്ടിക് അസന്തുലിതാവസ്ഥക്കും അതിലൂടെ 70 ശതമാനത്തോളം മത്സ്യമുട്ട ചുരുങ്ങുന്നതിനും കാരണമാകുന്നുവെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണത്തിനും പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കും മാർഗനിർദേശം നൽകുന്നതിനായി പരിസ്ഥിതി വകുപ്പിന്റെ പ്രിൻസിപ്പൽ ഉപദേഷ്ടാവായി ശാസ്ത്ര-സാങ്കേതിക വകുപ്പ്

സെക്രട്ടറിക്ക് ചുമതല നൽകി. ഫിഷറീസ്, ടൂറിസം, ഹാർബർ എഞ്ചിനീയറിങ്, തുറമുഖം, ജലവിഭവം, തദ്ദേശസ്വയംഭരണം, ആരോഗ്യ-കുടുംബക്ഷേമം, വ്യവസായം, കൃഷി, റവന്യൂ, ദുരന്തനിവാരണം എന്നീ വകുപ്പുകളിലെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെയും വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രത്യേക സംഘം രൂപീകരിച്ചു. ഫീൽഡ് തലത്തിൽ ഇടപെടലുകൾ ഏകോപിപ്പിക്കാൻ ചുമതലപ്പെടുത്തി. പ്ലാസ്റ്റിക് പെല്ലറ്റുകൾ നീക്കം ചെയ്യുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യൂവറുകൾ (SOPs) സംസ്ഥാന ദുരന്തരനിവാരണ അതോറിറ്റി തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഡ്രോൺ സർവെകൾ നടത്തി മലിനീകരണം മാപ് ചെയ്യുകയും തീരം വൃത്തിയാക്കാൻ സന്നദ്ധപ്രവർത്തകരെ വിന്യസിക്കുകയും ചെയ്തു. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, സംസ്ഥാന സർക്കാർ വകുപ്പുകൾ എന്നിവർ യോജിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. 30-05-2025-ലെ ഉത്തരവുപ്രകാരം പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ പ്രിൻസിപ്പൽ ഇംപാക്ട് അസസ്സ്മെന്റ് ഓഫീസറായി നിയമിച്ചു. MSC ELSA 3 കപ്പലിൽനിന്ന് ചോർന്ന എണ്ണ,

തീരത്തടിഞ്ഞ കണ്ടെയ്നറുകൾ, കടലിൽ ഒഴുകി നടക്കുന്നതോ തീരത്തടിഞ്ഞതോ ആയ മറ്റ് വസ്തുക്കൾ എന്നിവ കാരണമുണ്ടാകാൻ സാധ്യതയുള്ള നാശനഷ്ടങ്ങൾ പഠിക്കാൻവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി. 11-06-25-ലെ ഉത്തരവുപ്രകാരം എല്ലാ മേഖലകളിലുമുള്ള ആഘാത വിലയിരുത്തൽ, പരിസ്ഥിതി പുനഃസ്ഥാപനം, പരിഹാര നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും നിയമമനുസരിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല പരിസ്ഥിതി വകുപ്പിന് നൽകി. കപ്പലപകടംമൂലം സംഭവിച്ച പാരിസ്ഥിതിക നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും ദീർഘകാല പഠനം നടത്തുന്നതിനും ടേംസ് ഓഫ് റഫറൻസ് (TOR) തയ്യാറാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി (NIO)-ക്ക് പഠന ചുമതല നൽകി. വിശദമായ ശാസ്ത്രീയ പഠനറിപ്പോർട്ടുകൾ NIO നടത്തിവരുന്നു. WAN HAI 503 കപ്പലിലുണ്ടായിരുന്ന വസ്തുക്കൾ സംബന്ധിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽനിന്നും ലഭ്യമായിട്ടുള്ള dangerous goods list പ്രകാരം 143 കണ്ടെയ്നറുകളിൽ അപകടകരമായ വസ്തുക്കൾ

ഉണ്ടായിരുന്നതായി കാണുന്നു. കപ്പൽ അപകടം നേരിട്ട 20 നോട്ടിക്കൽ മൈൽ പരിധിയിൽ മത്സ്യബന്ധനം നിരോധിച്ചതുമൂലം എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം തടസ്സപ്പെട്ടിരുന്നു. ഇത് കണക്കിലെടുത്ത് 03-06-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ തീരദേശ മേഖലകളിലെ 1,05,518 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1000/- രൂപ വീതം നൽകുന്നതിന് 10.551 കോടി രൂപ അനുവദിക്കുകയും അത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ടി ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് ആറ് കിലോഗ്രാം അരി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന വിതരണം ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്......

ശ്രീ. സജി ചെറിയാൻ: സർ, നിയമനടപടികൾ കൂടി പറഞ്ഞ് അവസാനിപ്പിക്കാം. പരിസ്ഥിതിക്ക് സംഭവിച്ച നാശനഷ്ടങ്ങൾ, പരിസ്ഥിതി

പുനഃസ്ഥാപനം, ശുചീകരണപ്രവർത്തനങ്ങൾ, മറ്റ് അനുബന്ധ ചെലവുകൾ, പ്രാദേശിക മത്സ്യബന്ധന സമൂഹങ്ങളുടെ നഷ്ടപരിഹാരം എന്നിവയുൾപ്പെടെ പ്രാഥമികമായി കണക്കാക്കി polluter pays principle മുൻനിർത്തി സംസ്ഥാന സർക്കാരിനുകീഴിലെ പരിസ്ഥിതി വകുപ്പ് കപ്പൽ കമ്പനിയിൽനിന്ന് 9531.11 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ തിരുവനന്തപുരം വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടിരിക്കുന്ന ഇതേ കമ്പനിയുടെ ഉടമസ്ഥതയിലുള്ള MSC AKITETA-II എന്ന ചരക്ക് കപ്പലിനെ അറസ്റ്റ് ചെയ്യാൻ 2025 ജൂലൈ 7-ന് ബഹുമാനപ്പെട്ട കോടതി ഉത്തരവിട്ടു. ഇതിനെതിരെ കപ്പൽ കമ്പനി ബഹു. കോടതിയെ സമീപിച്ചെങ്കിലും സംസ്ഥാന സർക്കാർ ശക്തമായ തെളിവുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ കപ്പൽ അപകടത്തിന്റെ മലിനീകരണ പ്രശ്നങ്ങളും ഭീഷണികളും സംസ്ഥാനം നേരിടുന്നതിനാൽ അഡ്മിറാൽറ്റി സ്യൂട്ട് നൽകാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് 2025 സെപ്റ്റംബർ 25-ന് ബഹുമാനപ്പെട്ട കോടതി പുറപ്പെടുവിച്ച വിധിയിൽ

വ്യക്തമാക്കിയിട്ടുണ്ട്. കപ്പൽ കമ്പനി 1277.62 കോടി രൂപ സെക്യൂരിറ്റി തുക നിക്ഷേപിക്കാനും തുക നിക്ഷേപിക്കുന്നതുവരെ MSC AKITETA-II കപ്പൽ അറസ്റ്റിൽ തുടരുവാനും ഇടക്കാല ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. മേൽവിവരിച്ച തരത്തിൽ കപ്പൽ കമ്പനികളിൽനിന്ന് നഷ്ടപരിഹാരം ഈടാക്കി മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ആളുകൾക്ക് നൽകുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ഇക്കാര്യത്തിൽ ചെയ്തിട്ടുണ്ടെന്ന കാര്യം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ആന്റണി രാജു</u>: സർ, നഷ്ടപരിഹാരത്തിനായി അഡ്മിറാലിറ്റി സ്യൂട്ട് ഫയൽ ചെയ്തുവെന്ന സർക്കാർ നടപടി സ്വാഗതാർഹമാണ്. പക്ഷെ ഇതൊരു ക്രിമിനൽ ഒഫൻസ് എന്നുള്ള നിലയ്ക്ക് കപ്പൽ കമ്പനികൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ ഗവൺമെന്റ് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലൈബീരിയൻ കണ്ടെയ്നർ കപ്പലായ MSC ELSA-3 കൊച്ചി

തീരത്തുനിന്ന് 38 നോട്ടിക്കൽ മൈൽ തെക്കുപടിഞ്ഞാറ് ഉൾക്കടലിൽ മുങ്ങി കപ്പലിലുണ്ടായിരുന്ന മുഴുവൻ കണ്ടെയ്നറുകളും കടലിൽ വീഴാനിടയായത് സംബന്ധിച്ച് ഭാരതീയ ന്യായ സംഹിതയിലെ 282, 285, 286, 287, 288 3(5) വകുപ്പുകൾ ചുമത്തി ഫോർട്ട് കൊച്ചി കോസ്റ്റൽ പൊലീസ് ക്രൈം 14/2025 ആയി ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കപ്പലിന്റെ ഉടമസ്ഥൻ, ഷിപ്പ് മാസ്റ്റർ, ക്രൂ മെംബേഴ്സ് എന്നിവരെയും പ്രതി ചേർത്ത് കോസ്റ്റൽ ഐ.ജി., കോസ്റ്റൽ ഡി.ഐ.ജി. എന്നിവരുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിവരുന്നുണ്ട്.

## എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനാംഗീകാരം

ശ്രീ. മോൻസ് ജോസഫ്: സർ, എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമന അംഗീകാരം നൽകാതെ വന്നിരിക്കുന്ന പ്രതിസന്ധിയിലേയ്ക്ക് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചുകൊണ്ടാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ എയ്ഡഡ് സ്കൂളുകൾ നമ്മുടെ

പൊതുവിദ്യാഭ്യാസ മേഖലയുടെ ഏറ്റവും അടിസ്ഥാനവും അവിഭാജ്യവുമായ ഘടകമായി നിലകൊള്ളുകയാണ്. സർക്കാർ സ്കൂളുകളിലെ അധ്യാപകരെപോലെതന്നെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരും വിദ്യാർഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി ആത്മാർഥമായി ശ്രമിക്കുന്നവരാണ്. അവർ സമൂഹത്തിന്റെ ബൗദ്ധികമായ വളർച്ചക്കും സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കുംവേണ്ടി എല്ലാകാലത്തും നിലകൊണ്ടിട്ടുള്ളവരാണ്. എന്നാൽ നിർഭാഗ്യവശാൽ കഴിഞ്ഞ കുറെ നാളുകളായി, 2021 നവംബർ 8-നശേഷം നിയമിതരായ എയ്ഡഡ് അധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന ഗുരുതരമായ പ്രതിസന്ധി സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഈ പ്രതിസന്ധിയെത്തുടർന്ന് ഇവർക്ക് ആനുകൂല്യങ്ങളെല്ലാം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം നടപ്പാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്നതിനായി ഏറ്റവും സുപ്രധാനമായ ഈ

വിധി വന്നത് തീർച്ചയായും സാമൂഹ്യനീതിയുടെ പശ്ചാത്തലത്തിൽ സ്വാഗതാർഹമായ കാര്യമാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് അത് നടപ്പാക്കുന്നതിന് ക്രിസ്ത്യൻ മാനേജ്മെന്റുകൾ, ന്യൂനപക്ഷ മാനേജ്മെന്റുകൾ തുടങ്ങി എല്ലാവരും അനുകൂല നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതോടനുബന്ധിച്ച് ഇത് നടപ്പാക്കുന്നതിനായി സർക്കാർ മുന്നോട്ടുവന്നാൽ സഹകരിക്കുമെന്ന് അവർ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. നിർഭാഗ്യവശാൽ ഇപ്പോൾ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. മൂന്നുവർഷത്തിലേറെയായി അധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല. ഇൻക്രിമെന്റില്ല, സർവീസ് ബുക്കില്ല, ഭാവിയിൽ അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നത് പ്രതിസന്ധിയിലാകും, നിയമാനുസൃതമായ അവധി അവകാശങ്ങൾപോലും അവർക്ക് ലഭിക്കുന്നില്ല, വനിതാ അധ്യാപകർക്ക് ശമ്പളത്തോടെയുള്ള പ്രസവാവധി നിഷേധിക്കപ്പെടുന്നു. ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ഇതിന്റെ അനുബന്ധമായി സംഭവിച്ചിരിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിക്കാനുള്ള പ്രശ്നം, 2021-നുശേഷം സ്കൂളുകളിലെ മുഴുവൻ നിയമനങ്ങളും ദിവസവേതനാടിസ്ഥാനത്തിലേയ്ക്ക് മാറ്റപ്പെട്ടതിനെത്തുടർന്ന് ഈ

അധ്യാപകർ ദിവസക്കൂലിക്കാരായി മാറിയിരിക്കുകയാണ്. ഇത്തരത്തിൽ ദിവസക്കൂലിക്കാരായി തരംതാഴ്ത്തപ്പെട്ടിരിക്കുന്ന യോഗ്യരായ അധ്യാപകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകേണ്ടതാണ്. ഒരു പ്രശ്നം ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണ്, ഇവിടെ എൻ.എസ്.എസ്. മാനേജ്മെന്റ് ബഹു. സുപ്രീം കോടതിയിൽ കേസിന് പോകുകയുണ്ടായി. കേസിൽ സുപ്രീം കോടതി നടത്തിയ വിധിന്യായത്തിൽ സമാനസ്വഭാവമുള്ള സൊസൈറ്റികൾക്കും വിഭാഗങ്ങൾക്കും ഈ വിധിന്യായം നടപ്പാക്കാമെന്നകാര്യം വ്യക്തമാക്കിയിരുന്നു. 2025 ഏപ്രിൽ 07-ന് ബഹു. ഹൈക്കോടതിയും ഇത്തരത്തിലൊരു നിരീക്ഷണം നടത്തുകയും സർക്കാർ ഇക്കാര്യത്തിൽ അനുഭാവപൂർവമായ നടപടി സ്വീകരിക്കണമെന്ന് നിർദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഹൈക്കോടതി ഉത്തരവ് വന്ന് മൂന്നുമാസത്തിനുശേഷം, ജൂലൈ 30-ന് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നത്, ബഹു. സുപ്രീം കോടതി ഉത്തരവ് എൻ.എസ്.എസ്. മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് മാത്രമാണെന്നും മറ്റ് സ്ഥാപനങ്ങൾക്ക് ഇത്

ബാധകമല്ലെന്നുമാണ്. ഇതേത്തുടർന്ന് അധ്യാപകർ വീണ്ടും കോടതിയിൽപോവുകയും ബഹു. കോടതി ഇക്കാര്യങ്ങൾ പരിശോധിച്ചശേഷം എൻ.എസ്.എസ്. മാനേജ്മെന്റിന്റെ വിധിന്യായത്തിലെ വിധി സമാനസ്വഭാവമുള്ള മറ്റ് മാനേജ്മെന്റുകൾക്കും ബാധകമാക്കാവുന്നതാണെന്ന് വ്യക്തമായി നിർദേശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഒരു ഇടപെടൽ നടത്തി എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമന അംഗീകാരം നൽകാൻ കഴിയുന്നവിധത്തിൽ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഇങ്ങനെയൊരു ശ്രദ്ധക്ഷണിക്കൽ നോട്ടീസ് നൽകിയതിനെത്തുടർന്ന് ഭിന്നശേഷിക്കാരായ അധ്യാപകർ എം.എൽ.എ.-മാരുമായി ബന്ധപ്പെടുകയുണ്ടായി. ഭിന്നശേഷിക്കാരായ, ക്വാളിഫൈഡായിട്ടുള്ള നിരവധി ആളുകൾക്ക് നിയമനം ലഭിക്കാത്തതിനാൽ അവർക്ക് നിയമനം നൽകണമെന്ന കാര്യത്തിൽ തർക്കമില്ല. വിദ്യാഭ്യാസ വകുപ്പും തൊഴിൽ വകുപ്പും ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കീഴിലാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ

നടത്തിയ പ്രസ്താവന എല്ലാവരെയും വേദനിപ്പിച്ചിട്ടുണ്ട്. കാരണം, ക്രിസ്ത്യൻ മാനേജ്മെന്റുകൾ ഭിന്നശേഷിക്കാർക്ക് നിയമനം നൽകാൻ തയ്യാറല്ലെന്ന തരത്തിൽ നടത്തിയ പ്രസ്താവന നടത്തിയത് ശരിയല്ല. ഇക്കാര്യത്തിൽ ക്രിസ്ത്യൻ മാനേജ്മെന്റുകളും ന്യൂനപക്ഷ മാനേജ്മെന്റുകളും ഭിന്നശേഷിക്കാർക്കുള്ള സീറ്റുകൾ ഒഴിച്ചിട്ടിരിക്കുകയാണ്. കാരണം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധിപ്രകാരം പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ കഴിയില്ല. കാരണം, സഭയോ ന്യൂനപക്ഷ മാനേജ്മെന്റുകളോ അല്ല, സർക്കാരാണ് അക്കാര്യത്തിൽ ഇടപെടേണ്ടത്. അതിനായി തൊഴിൽ വകുപ്പിൽനിന്നും ഇതിനുള്ള ലിസ്റ്റ് ലഭ്യമാകണം. ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് ഇതുമായി ബന്ധപ്പെട്ട് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ പരിധിയിൽ നിന്നുകൊണ്ട് ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് ലിസ്റ്റ് തയ്യാറാക്കി സർക്കാർ നിയമനം നടത്തണം. ഗവൺമെന്റ് ഭിന്നശേഷിക്കാരായ, ക്വാളിഫൈഡായ ആളുകൾക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ

ആവശ്യപ്പെടുകയാണ്. അതോടൊപ്പം മറ്റൊരു കാര്യം കൂടി ചൂണ്ടിക്കാണിക്കുകയാണ്. സഭാ നേതൃത്വം ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായവർക്ക് നിയമനം നൽകുന്നതിന് എതിരല്ലെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ അഭിവന്ദ്യനായ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ പറഞ്ഞത് ഭിന്നശേഷിക്കാരായവർക്ക് നിയമനം നൽകുന്നതിന് എതിരല്ലെന്നാണ്.

മി. സ്പീക്കർ: സഭാ നേതൃത്വത്തിന്റെ കാര്യം അറിയിക്കുന്നതിനല്ല നിയമസഭ. അതിനല്ലല്ലോ കാളിങ് അറ്റൻഷൻ അനുവദിക്കുന്നത്. വിഷയം ഉന്നയിക്കുന്നതിനുപകരം സഭാനേതൃത്വത്തിന്റെ കാര്യമാണോ പറയുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, അവരെല്ലാം ഭിന്നശേഷിക്കാർക്ക് നിയമനം നൽകാതിരിക്കുകയാണെന്ന് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വന്നിരുന്നു. അവർ നിയമനം നൽകാൻ തയ്യാറാണെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ഗവൺമെന്റ് ഇക്കാര്യത്തിലിടപെട്ട് എത്രയുംവേഗം മുഴുവൻ അധ്യാപകർക്കും നിയമനാംഗീകാരം നൽകാനും ഈ പ്രശ്നം പരിഹരിക്കുന്നതിനുമായി ബഹുമാനപ്പെട്ട പൊതു-വിദ്യാഭ്യാസ

വകുപ്പുമന്ത്രി ആത്മാർത്ഥമായ ഒരു നടപടിയിലേയ്ക്ക് വരികയും ഇടപെടൽ നടത്തണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭിന്നശേഷിക്കാരായ വ്യക്തികൾക്കും മറ്റുള്ളവർക്കുമുള്ള അവകാശങ്ങൾ തുല്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള നയരൂപീകരണത്തിന്റെ ഭാഗമായി വിവിധ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിശ്ചിത ശതമാനം സംവരണം ഉറപ്പാക്കുന്ന വ്യവസ്ഥയാണ് ഭിന്നശേഷി സംവരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 1995-ലെ Persons with disabilities act section 31 പ്രകാരം കാഴ്ചപരിമിതർ, ശ്രവണപരിമിതർ ചലനശേഷി പരിമിതർ, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിലായി 3% ഭിന്നശേഷി സംവരണം പാലിച്ച് എല്ലാ എസ്റ്റാബ്ലിഷ്മെന്റുകളും നിയമനം നൽകേണ്ടതാണ്. തുടർന്ന് പുറപ്പെടുവിച്ച 2016-ലെ RPWD ആക്ടിലെ സെക്ഷൻ പ്രകാരമാണ് ഇക്കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുൻമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ പ്രത്യേകിച്ച് വിഭാഗീയമായ

യാതൊരു സമീപനവുമില്ല. എയ്ഡഡ് മാനേജ്മെന്റിനോടും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളോടും തുല്യ പരിഗണനയാണ് ഗവൺമെന്റ് പുലർത്തുന്നത്. 2016 മുതൽ 2025 വരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എയ്ഡഡ് മേഖലയിൽ മാത്രമായി 1,12,650 നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്. 2016-2025 വരെയുള്ള കാലഘട്ടത്തിൽ വിവിധ തസ്തികകളിലുള്ള അവധി ഒഴിവിലെ നിയമനങ്ങളും സ്ഥാനക്കയറ്റ നിയമനങ്ങളുമുണ്ട്. സ്ഥിരം തസ്തികയിലെ ശമ്പള സ്കെയിലിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ 36,318-ഉം 2021-2025 വരെ എൽ.ഡി.എഫ്. സർക്കാർ വകുപ്പിൽ നടത്തിയ അധ്യാപക-അനധ്യാപക നിയമനം 60,500 ആണ്. 1,503 ഭിന്നശേഷിക്കാരെ ഈ സർക്കാരിന്റെ കാലയളവിൽ നിയമിച്ചു, 55 ഭിന്നശേഷിക്കാരുടെ നിയമനം പെൻഡിംഗിലുണ്ട്. ഇക്കാര്യത്തിൽ എയ്ഡഡ് മാനേജ്മെന്റിന്റെ സാധാരണഗതിയിലുള്ള നിയമനത്തിന് അംഗീകാരം നൽകേണ്ടത് ഗവൺമെന്റാണല്ലോ; ഞാനിവിടെ വായിച്ചതിൽ ഏതെങ്കിലും ഒരു അംഗീകാരത്തിന് ഗവൺമെന്റ് തടസ്സം നിൽക്കുന്നതായി അങ്ങേയ്ക്ക്

ചൂണ്ടിക്കാണിക്കാൻ കഴിയുമോയെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. ക്രിസ്ത്യൻ മാനേജ്മെന്റായാലും മുസ്ലീം മാനേജ്മെന്റായാലും ഹിന്ദു മാനേജ്മെന്റായാലും വേറെയേത് മാനേജ്മെന്റായാലും നിയമത്തിന്റെയും കോടതിവിധിയുടെയും അടിസ്ഥാനത്തിൽ ഒരേരൂപത്തിലാണ് എല്ലാവരെയും ഈ സർക്കാർ കാണുന്നത്.

കോർപ്പറേഷൻ-പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ വരുന്നതിന്റെ പേരിൽ ക്രിസ്ത്യാനികൾ വി. ശിവൻകുട്ടിക്കെതിരാണെന്ന് വരുത്തിതീർക്കാൻ ശ്രമിക്കുകയാണ്. അങ്ങ് പറഞ്ഞപ്പോൾ അങ്ങനെയൊരു സ്വരം പ്രതിധ്വനിക്കുന്നതായി എനിക്ക് തോന്നുന്നു. ഞങ്ങൾ അവരൊക്കെയായി നല്ല അടുപ്പത്തിലാണ്. ശ്രീ. മോൻസ് ജോസഫിന് മാത്രമല്ല തിരുമേനിമാരുമായി അടുപ്പമുള്ളത്. ഞാനും തിരുമേനിമാരുമായി നല്ല ബന്ധത്തിലാണ്. ഇനി ഏതെങ്കിലും പ്രസ്താവന പത്രക്കാർ വളച്ചൊടിച്ച് നൽകിയിട്ടുണ്ടെങ്കിൽ തിരുമേനിമാരുമായി സംസാരിച്ച് അത് ക്ലാരിഫൈ ചെയ്യാനും ഞാൻ തയ്യാറാണ്. വിദ്യാഭ്യാസരംഗത്ത് ആവശ്യമില്ലാതെ ക്രിസ്ത്യാനി-മുസ്ലീം-ഹിന്ദു എന്നൊക്കെ പറഞ്ഞ് കുഴപ്പമുണ്ടാക്കാരുത്. ഇപ്പോൾ

കാര്യങ്ങളൊക്കെ വളരെ മര്യാദയ്ക്ക് പോയിക്കൊണ്ടിരിക്കുകയല്ലേ? എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അക്കാര്യം പറഞ്ഞാൽ പരിഹാരം കാണുന്നതിന് ശ്രമിക്കാം. ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധി മാറ്റിയെഴുതണമെന്ന് പറഞ്ഞാൽ ഞാൻ വിചാരിച്ചാൽ നടക്കില്ല. ബഹു. സുപ്രീം കോടതിയുടെ വിധിയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മേൽപ്പറഞ്ഞതുപോലുള്ള എന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെങ്കിൽ അതുസംബന്ധിച്ച് ആലോചിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. അക്കാര്യം എല്ലാവരോടും ആലോചിക്കാം.

അങ്ങ് ഇവിടെ എഴുതി നൽകിയിരിക്കുന്നതിൽ വനിതാ അധ്യാപകർക്ക് ശമ്പളമില്ലാതെ പ്രസവാനുകൂല്യം നിഷേധിക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. പ്രസവിക്കണമെന്ന നിലപാടാണ് ഞങ്ങൾക്കുള്ളത്; പ്രസാവനുകൂല്യം നിഷേധിക്കണമെന്ന നിലപാട് ഞങ്ങൾക്കില്ലെന്നത് അങ്ങേയ്ക്കറിയാമല്ലോ; കൂടാതെ 'സാറന്മാർ ആട്ടോറിക്ഷയിൽ യാത്ര ചെയ്യുന്നു'. അധ്യാപകർ ആട്ടോറിക്ഷയിൽ യാത്ര ചെയ്യുന്നതിന് മന്ത്രിക്ക് എന്തുചെയ്യാൻ കഴിയും. മന്ത്രിക്ക് അക്കാര്യത്തിൽ യാതൊന്നും ചെയ്യാൻ കഴിയില്ല. ബഹു.

സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധിയിൽ ഗവൺമെന്റിന് നൽകിയിരിക്കുന്ന നിയമോപദേശം, എൻ.എസ്.എസ്. ബഹു. സുപ്രീം കോടതിയിൽ പോകുകയും അവർ ഭിന്നശേഷിനിയമനം നടത്താനും ഒരു എഗ്രിമെന്റ് വയ്ക്കാനും തയ്യാറാണെന്ന് പറഞ്ഞ് ഒരു സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തത് സുപ്രീം കോടതി അംഗീകരിച്ചു. ഞങ്ങൾക്ക് ലഭിച്ച അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം എൻ.എസ്.എസ്.-നുമാത്രം ബാധകമാണെന്നാണ്. അതല്ല ഒന്നുകൂടി നിയമോപദേശം വേണമെന്നുണ്ടെങ്കിൽ ആവശ്യപ്പെടാം. അപ്രകാരം ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രശ്നത്തിന് എങ്ങനെ ശാശ്വതപരിഹാരം കാണാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. മോൻസ് ജോസഫ് അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ....ചോദ്യം മാത്രം...

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ 25 വർഷമായി ഈ സഭയിലെ എം.എൽ.എ/അംഗമാണ്. അങ്ങ് അപ്രകാരം പറഞ്ഞത് വളരെ മോശമായിപ്പോയി. ഞങ്ങളൊന്നും അങ്ങനെ പറയുന്നവരല്ല;

പറയുകയാണെങ്കിൽ നന്നായി പറയാനറിയാം.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ....ക്വസ്റ്റ്യൻ മാത്രം...ശ്രീ. പി. കെ. ബഷീർ സീറ്റ് മാറിയിരുന്ന് ബഹളമുണ്ടാക്കരുത്.... (ബഹളം)...

ശ്രീ. മോൻസ് ജോസഫ്: സർ, എന്റെ ചോദ്യം... ഞാൻ ബാക്കി കാര്യങ്ങൾ പൊതുചർച്ചയിൽ പറയാം. ഇപ്പോൾ അദ്ദേഹം പറഞ്ഞ കാര്യത്തിൽ ഒരു കാര്യം, ഇവിടെ ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയുടെ പശ്ചാത്തലത്തിൽ, കോടതി പറഞ്ഞിരിക്കുന്നതിനനുസരിച്ച് കാര്യങ്ങൾ ചെയ്യാം. കോടതി വിധിയെ തിരുത്താൻ ഞങ്ങളാരും പറഞ്ഞില്ല. വിധി തിരുത്താൻ പറ്റില്ലെന്ന് സാമാന്യബോധമുള്ള എല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട മന്ത്രിക്ക് ആ ബോധമില്ലെങ്കിൽ പിന്നെ പറഞ്ഞിട്ട് കാര്യമില്ല, വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് പറയുന്നത്, കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് പറയുന്നത്. സുപ്രീം കോടതിയുടെ വിധി മാറ്റിയെഴുതാൻ മന്ത്രിയെക്കൊണ്ട് പറ്റില്ലെന്ന് ഞങ്ങളെ പഠിപ്പിക്കേണ്ട കാര്യമില്ല. ....(ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയൂ.....മറുപടി

പറയൂ......(ബഹളം).....ആരോപണപ്രത്യാരോപണത്തിനുള്ള സ്ഥലമല്ലിത്... നിങ്ങളെപ്പോലെ മുതിർന്ന ഒരാളുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്ത സമീപതമാണിത്. ....(ബഹളം).... കാളിങ് അറ്റൻഷൻ അറിയാത്ത ആളല്ല അദ്ദേഹം. 25 വർഷമായെന്ന് പറഞ്ഞ് അതിൽ ഊറ്റം കൊണ്ടല്ലോ. 25 വർഷത്തെ ഊറ്റം കൊള്ളുമ്പോൾ അദ്ദേഹം അക്കാര്യത്തിൽ പക്വത കാണിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ചോദ്യം ചോദിക്കുകയാണ്... ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ എൻ.എസ്.എസ്.-ന് കൊടുത്തിരിക്കുന്ന വിധി നടപ്പാക്കി. അതുപോലെ സമാനസ്വഭാവമുള്ള കാര്യങ്ങളിൽ.. മറ്റുള്ളവർക്കും ബാധകമാക്കാമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിൽ പറയുന്നതിനാൽ മറ്റുള്ളവർക്കുകൂടി ഇത് ബാധകമാക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>മി.സ്പീക്കർ</u>: അതിനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കഴിഞ്ഞതാണ്. അതിന്റെ സ്റ്റാൻഡ് അദ്ദേഹം ക്ലാരിഫൈ ചെയ്തതാണ്.

(.....ബഹളം......)ബഹുമാനപ്പെട്ട മന്ത്രി അങ്ങ് പറഞ്ഞോളൂ. (.....ബഹളം......)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്ങേയ്ക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയേയും ഹൈക്കോടതി വിധിയേയും സംബന്ധിച്ചിടത്തോളം വിവരമില്ലെന്ന് ഞാൻ ഒരിക്കലും പറയുകയില്ല. കാരണം അങ്ങ് ഈ സഭയുടെ സീനിയർ അംഗവും മന്ത്രിയായിരുന്ന ആളും കാര്യങ്ങൾ എല്ലാം അറിയാവുന്ന ആളുമാണ്. അങ്ങ് ഇത് ആവേശത്തിന് പറഞ്ഞുപോയതായി മാത്രമേ ഞാൻ കാണുന്നുള്ളൂ. നമ്മൾ തമ്മിൽ ഒരു പ്രശ്നവുമില്ല. പ്രശ്നങ്ങളൊക്കെ അവസാനിപ്പിക്കാം.

മി.സ്പീക്കർ: ചോദ്യത്തിനുള്ള ഉത്തരം നേരത്തെ തന്നെ അങ്ങ് പറഞ്ഞതാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി):

ബഹുമാനപ്പെട്ട അംഗത്തിന് മനസ്സിലായില്ലെങ്കിൽ ഒന്നുകൂടി മനസ്സിലാക്കിക്കൊടുക്കാം. (.....ബഹളം......) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സുപ്രീകോടതി വിധി വന്നതിനുശേഷം അത് നടപ്പാക്കുന്നതിനെ സംബന്ധിച്ച് മാനേജ്മെന്റിനും ബന്ധപ്പെട്ടവർക്കും നിരവധി സംശയങ്ങളും

ആവശ്യത്തിന് അധ്യാപകരെ ലഭിക്കാത്ത സ്ഥിതിയുമുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിലേക്കായി സർക്കാർ മുൻകൈയെടുത്തുകൊണ്ട് തൊണ്ണൂറ്റിയൊന്ന് ഉത്തരവുകളും സർക്കുലറുകളും അടങ്ങിയിട്ടുള്ള ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ഒരു കോപ്പി അങ്ങേയ്ക്കും മറ്റ് എം.എൽ.എ.-മാർക്കും നൽകാമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ അങ്ങ് സൂചിപ്പിച്ചതുപോലെ (.....ബഹളം......) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള ഭിന്നശേഷി സംവരണ അധ്യാപക നിയമനം നടത്തുമെന്നും അതിന് തടസ്സമാകുന്ന ഘടകങ്ങളെ കണ്ടെത്തി അവ നിർമ്മാർജനം ചെയ്യുമെന്നും ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.